# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5686.** **27.10.2011-ൽ മറുപടിക്ക്**

### ബാലവേല നിരീക്ഷിക്കുന്നതിന് ഉദ്യോഗസ്ഥതല സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.എ. അസീസ്**<br>**ശ്രീ. കോവൂർ കുഞ്ഞുമോൻ** | **ശ്രീ. ഷിബു ബേബി ജോൺ**<br>**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) പട്ടണങ്ങളിലെ ഹോട്ടലുകളിൽ പ്രായപൂർത്തിയാകാത്ത കുട്ടികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നത് കണ്ടുപിടിക്കാൻ ഉദ്യോഗസ്ഥതല സംവിധാനം നിലവിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ വിശദവിവരം നൽകുമോ; | (ബി) 1986ലെ ബാലവേല (തടയലും നിയന്ത്രണവും) നിയമ പ്രകാരം 14 വയസ്സ് പൂർത്തിയാകാത്ത കുട്ടികളെക്കൊണ്ട് കഠിന ജോലി ചെയ്യിക്കുന്നത് തടയാനും നിയന്ത്രിക്കാനും തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നുണ്ട്. തൊഴിൽ വകുപ്പിലെ ലേബർ കമ്മീഷണർ മുതൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് - 2 വരെയുള്ള ഉദ്യോഗസ്ഥർ മേൽ നിയമപ്രകാരമുള്ള പരിശോധനാ ഉദ്യോഗസ്ഥരാണ്. അസിസ്റ്റന്റ് ലേബർ ഓഫീസർമാർ നടത്തുന്ന പരിശോധന കൂടാതെ ജില്ലാ തലത്തിൽ ജില്ലാ ലേബർ ഓഫീസർ (ഇ)യുടെ നേതൃത്വത്തിലും മേഖലാ തലത്തിൽ റീജിയണൽ ലേബർ കമ്മീഷണറുടെ നേതൃത്വത്തിലും സംസ്ഥാന തലത്തിൽ അഡീഷണൽ ലേബർ കമ്മീഷണറുടെ (ഇ) നേതൃത്വത്തിലും സ്ക്വാഡ് പരിശോധനയും നടത്തി വരുന്നു. കൂടാതെ ജില്ലാ ലേബർ ഓഫീസറും |

സോഷ്യൽ വെൽഫെയർ, റവന്യൂ വകുപ്പുകളുടെ പ്രതിനിധികളും ചൈൽഡ് ലൈൻ എന്ന NGOയുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി "ടാസ്ക് ഫോഴ്സ്" രൂപീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) തുടരെ സന്ദർശനം നടത്തി ബാലവേല തുടച്ചുനീക്കാൻ നിർദ്ദേശം നൽകുമോ; | (സി) വിവിധ തലത്തിലുള്ള പരിശോധന ഇപ്പോൾ നടത്തി വരുന്നുണ്ട്. |
| (ഡി) ബാലവേല ചെയ്യിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ലൈസൻസ് റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുമോ; | (ഡി) പ്രോസിക്യൂഷൻ ഫയൽ ചെയ്ത് തടവും പിഴശിക്ഷയും നൽകുന്നതിനും ഉടമയിൽ നിന്ന് കുട്ടികളുടെ പുനരധിവാസത്തിനായി 20000/- രൂപ ഈടാക്കുന്നതിനും വ്യവസ്ഥയുണ്ട്. |
| (ഇ) ബാലവേല ചെയ്യിച്ചവർക്കെതിരെ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു? | (ഇ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം യാതൊരു കേസുകളും രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ